
കവർസ്റ്റോറി

ജമാൽ മലപ്പുറം

# സകാത്ത്

# സാമൂഹികനീതിയുടെ സാമ്പത്തികാടിത്തറ

**സമ്പത്ത് ഒരിടത്ത് കുമിഞ്ഞുകൂടുന്നതിനെ നിരോധിക്കുമ്പോഴും സമ്പന്നരും സ്വർഗത്തിൽ പോകണമെന്നാണ് ഇസ്‌ലാമിക മനസ്സ്. ഇസ്‌ലാമിക സാമ്പത്തികമൂല്യങ്ങളെ പരലോകത്തെ വിജയപരാജയങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. സമ്പത്തിന്റെ സത്യസന്ധമായ സംഭരണവും നീതിപൂർവകമായ വിതരണവും ഉറപ്പുവരുത്തുന്ന ആജ്ഞാനിർദേശങ്ങളും നയനിലപാടുകളും നിയമനടപടികളും പ്രായോഗിക രീതികളും ഖുർആനിലും സുന്നത്തിലും ഖലീഫമാരുടെ ഭരണചരിത്രത്തിലും പണ്ഡിതന്മാരുടെ രചനകളിലും നിറഞ്ഞുനിൽക്കുകയാണ്.**



**മനുഷ്യർക്കു** സന്മാർഗദർശനമായി, അവരുടെ സ്രഷ്ടാവും ഉടമസ്ഥനും അവരെക്കുറിച്ച് സൂക്ഷ്മജ്ഞനുമായ അല്ലാഹു അവതരിപ്പിച്ചിട്ടുള്ള അവസാനത്തെ വേദപുസ്തകമാണ് പരിശുദ്ധ ഖുർആൻ. അതിനെ ഏറ്റുവാങ്ങി സനിഷ്കർഷം ആചരിച്ചും സത്യസന്ധമായി പ്രചരിപ്പിച്ചും നമുക്ക് കൈമാറിത്തന്നതാവട്ടെ ലോകാനുഗ്രഹിയായ അന്ത്യപ്രവാചകൻ മുഹമ്മദ് നബിയും. ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധി എന്ന നിലയിൽ ആഗതനായ ആദ്യത്തെ മനുഷ്യനും ആദ്യത്തെ പ്രവാചകനുമായ ആദമിനും സന്മാർഗദർശനമുണ്ടായിരുന്നു. അദ്ദേഹത്തോട് അല്ലാഹു പറഞ്ഞു: "പിന്നീട് എന്നിൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നുകിട്ടുമ്പോൾ ആർ എന്റെ മാർഗദർശനത്തെ പിന്തുടരുന്നുവോ അവർ ഒട്ടും ഭയപ്പെടേണ്ടിവരില്ല; അവർ ഒരിക്കലും ദുഃഖിക്കേണ്ടിവരുന്നതുമല്ല" (2:38). ദൈവികമായ സന്മാർഗദർശനത്തിന്റെ സദുദ്ദേശ്യങ്ങളും സൽഫല

ങ്ങളും കൂടി സൂചിപ്പിക്കപ്പെട്ടിരിക്കുകയാണിവിടെ. ഭയമോ ദുഃഖമോ ഇല്ലാതിരിക്കുക ഒരു ചില്ലറ കാര്യമല്ല; ക്ഷിപ്രസാധ്യവുമല്ല. അതാണല്ലോ യുദ്ധത്തിൽ തോറ്റുപോയ പേർഷ്യൻ പടത്തലവൻ ഹുർമുസാൻ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ തലസ്ഥാന നഗരിയിൽ വന്നപ്പോൾ, കണ്ട കാഴ്ചയിൽ നടുങ്ങിപ്പോയത്. നട്ടുച്ചനേരത്തെ കൊടും ചൂടിൽ പള്ളിച്ചുമരിന്റെ പുറംതണലിൽ മണലിൽ മലർന്നു കിടന്നുറങ്ങുന്നു രാഷ്ട്രത്തലവനായ ഖലീഫ ഉമർ(റ)! "അങ്ങു നീതിനടപ്പിലാക്കി, അതോടെ നിർഭയത്വം കളിയാടി. അതിനാൽ എവിടെക്കിടന്നും ഉറങ്ങാമെന്നായി" എന്ന് പറഞ്ഞുപോയി ഹുർമുസാൻ. ആദമിനും മുഹമ്മദിനുമിടയിലെ ചരിത്രത്തിനു ചാലിട്ടുകൊടുത്ത ജനതതികൾക്ക് സന്മാർഗദർശനം ചെയ്തതിന്റെ ഒരു നഖചിത്രം കോറിയിടുമ്പോൾ ഖുർആൻ ഇങ്ങനെ കുറിക്കുന്നുണ്ട്: "തെളിഞ്ഞ ദൃഷ്ടാന്തങ്ങളും മാർഗദർശനങ്ങളുമായി നാം നമ്മുടെ ദൂതന്മാരെ അയക്കുകയുണ്ടായി, അവരോടൊപ്പം വേദവും ത്രാസും അവതരിപ്പിച്ചു; മനുഷ്യർ നീതിപൂർവം നിലകൊള്ളാൻ" (57:25).

അതെ, നീതി പുലരുക എന്നതാകുന്നു സന്മാർഗ ദർശനത്തിനായുള്ള മൊത്തം സംവിധാനത്തിന്റെ തന്നെ ലക്ഷ്യം. വിശുദ്ധ ഖുർആന്റെ കാലാകാലങ്ങളിലെ വാഹകരെ ചുമതലപ്പെടുത്തിയിട്ടുള്ള ദൗത്യവും മറ്റൊന്നല്ല: "വിശ്വസിച്ചവരേ, നിങ്ങൾ നീതിയുടെ പുലർച്ചക്കുവേണ്ടി അഹോരാത്രം അധ്വാനിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ; നിങ്ങൾക്കോ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിട്ടായിരുന്നാൽപോലും" (4:135).

"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി അഹോരാത്രം അധ്വാനിക്കുന്നവരും നീതിയുടെ പുലർച്ചക്ക് വേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ, ഒരു ജനക്കൂട്ടത്തോടുള്ള കൊടിയ വിരോധം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരണയാകരുത്. നിങ്ങൾ നീതിപാലിക്കുക, അതാണ് ഭക്തി മാർഗത്തോട് ഏറ്റവും അടുത്തത്" (5:8).

അല്ലാഹുവിനും നീതിക്കും വേണ്ടി ഒരേയവസരം പണിയെടുക്കുകയും സാക്ഷ്യം വഹിക്കുകയും വേണമെന്ന് വിശ്വാസികളോട് ആജ്ഞാപിക്കുമ്പോൾ അല്ലാഹുവും നീതിയും ഒന്നിനൊന്ന് പകരമായി ഇരു സൂക്തങ്ങളിലും മാറിവരുന്നത് ശ്രദ്ധേയമാണ്.

അല്ലാഹു മൂന്നു കാര്യങ്ങൾ അനുശാസിക്കുമ്പോൾ അതിലൊന്ന് നീതിയായിരിക്കും: "നിശ്ചയം അല്ലാഹു നീതി പുലർത്താനും നന്മ പ്രവർത്തിക്കാനും ബന്ധുമിത്രാദികൾക്ക് ദാനം ചെയ്യാനും അനുശാസിക്കുന്നു" (16:90).

അല്ലാഹു രണ്ടു കാര്യങ്ങൾ അനുശാസിക്കുമ്പോൾ അതിലൊന്ന് നീതിയായിരിക്കും: "അമാനത്തുകൾ അവയുടെ ഉടമകൾക്ക് ഏൽപിച്ചുകൊടുക്കണമെന്നും ജനങ്ങൾക്കിടയിൽ തീരുമാനം കൽപിക്കുമ്പോൾ നീതിപൂർവം തീരുമാനം കൽപിക്കണമെന്നും അല്ലാഹു നിങ്ങളോടനുശാസിക്കുന്നു" (4:58).

അല്ലാഹു ഒരു കാര്യം മാത്രം അനുശാസിക്കുമ്പോഴും അത് നീതിയായിരിക്കും: ''പറയുക: എന്റെ നാഥൻ നീതിയും ന്യായവും അനുശാസിച്ചിരിക്കുന്നു'' (7:29).

വിശുദ്ധ ഖുർആന്റെ പ്രായോഗിക നിയമസംഹിത(ശരീഅത്ത്)യുടെ ലക്ഷ്യവും നീതിയുടെ പുലർച്ചയാകുന്നു. "എവിടെ നീതി പുലർന്നുവോ അവിടെ ശരീഅത്ത് പുലർന്നു" എന്നാണ് പണ്ഡിതമതം.

പറഞ്ഞുവരുന്നത്, കേവലവും നിഷ്കൃഷ്ടവുമായ നീതി പുലരുക എന്നത് വിശുദ്ധഖുർആനെയും ഇസ്‌ലാമിനെയും സംബന്ധിച്ചേടത്തോളം വളരെ മൗലിക പ്രധാനമാണെന്നാണ്. ഖുർആനിക മാർഗദർശനത്തിന്റെയും ഇസ്‌ലാമികാദർശത്തിന്റെയും കാമ്പും കാതലുമായ ഏകദൈവസിദ്ധാന്തം അല്ലാഹു തന്നെ സാക്ഷ്യപ്പെടുത്തി വിളംബരം ചെയ്തത് നീതിയുടെ പുലർച്ചയായിട്ടായിരുന്നുവെന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നു (3:17).

വിശുദ്ധ ഖുർആൻ വിവക്ഷിക്കുന്ന നീതി മനുഷ്യജീവിതത്തിന്റെ ഏതെങ്കിലും ചില മേഖലകളെ മാത്രം സംബന്ധിക്കുന്നതല്ല. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യേതരമായ ചരാചരങ്ങളും തമ്മിലുമുള്ള ബന്ധങ്ങളുടെ സകല മേഖലകളെയും ചൂഴ്ന്നു നിൽക്കുന്ന സമഗ്രമായ നീതിയാണ് ഖുർആൻ പുലരണമെന്നാഗ്രഹിക്കുന്നത്, പുലർത്തണമെന്നനുശാസിക്കുന്നത്. അത് തത്ത്വത്തിലും പ്രയോഗത്തിലും ആദ്യാവസാനം ദൈവികമാണ്. അതിന്റെ വിജയരഹസ്യവും അതുതന്നെ.

മനുഷ്യൻ സാമൂഹികജീവിയായതുകൊണ്ട് പ്രസ്തുത നീതി പുലരേണ്ടത് സമൂഹത്തിലാണ്. നീതി പുലരാത്ത സമൂഹത്തിൽ വ്യക്തികൾക്ക് ശാന്തിയോ സമാധാനമോ സിദ്ധിക്കുകയില്ല. സാമൂഹികനീതി അജണ്ടയിലില്ലാത്തവരാണ് ആത്മീയവാദികളായി കാടുകയറുകയും സന്യസിക്കുകയും ചെയ്യേണ്ടിവരുന്നത്. അല്ലാഹു അക്ബർ (ദൈവം ഏറ്റവും മഹാൻ) എന്ന് ഉറക്കെയും ഉറപ്പിച്ചും പറഞ്ഞാരംഭിക്കുന്ന നമസ്കാരം അവസാനിക്കുന്നത് (ചുറ്റിലുമുള്ളവരേ) നിങ്ങൾക്ക് സമാധാനവും രക്ഷയുമുണ്ടാവട്ടെ എന്നു പറഞ്ഞുകൊണ്ടാണല്ലോ.

ബുദ്ധിശക്തി, ജന്മവാസനകൾ, ആരോഗ്യം, സൗന്ദര്യം, സ്വഭാവശീലങ്ങൾ എന്നിവയിലൊന്നും തന്നെ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരിക്കലും തുല്യരായിരിക്കുകയില്ലല്ലോ. അനേകം വ്യക്തികളും കുടുംബങ്ങളും ചേർന്നുണ്ടാകുന്ന സമൂഹവും അങ്ങനെത്തന്നെ. വിജ്ഞാനം, സമ്പത്ത്, സ്വാധീനം, ശക്തി എന്നിവയിലെല്ലാം ഏറ്റപ്പറ്റുകൾ ഉണ്ടാവുക സ്വാഭാവികവും പ്രകൃതിപരവുമാണ്. ഇപ്പറഞ്ഞ നാലെണ്ണത്തിൽ ഏതിലും ഉണ്ടാകാമല്ലോ ഉള്ളവരും ഇല്ലാത്തവരും. അവരെ തമ്മിലടിപ്പിക്കുന്നതിനു പകരം പരസ്പരം അടുപ്പിക്കുകയും സഹകാരികളും പരസ്പര സംരക്ഷകരുമാക്കി മാറ്റുകയും ചെയ്തുകൊണ്ട് സമൂഹത്തിൽ സന്തുലനവും അതുവഴി സുരക്ഷയും ഉറപ്പുവരുത്തി സാമൂഹികനീതി കൈവരുത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

## നീതിനിർവഹണത്തിന്റെ അടിസ്ഥാനം

ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരവും അകൽച്ചയും പരമാവധി കുറക്കുകയാണ് പ്രസ്തുത സന്തുലിതത്വത്തെ സംബന്ധിച്ചേടത്തോളം പരമപ്രധാനം, പ്രായോഗികവും. "ധനം ധനികർക്കിടയിൽ മാത്രം കറങ്ങിക്കൊണ്ടിരിക്കുന്നതാവരുത്" എന്നത് ഒരടിസ്ഥാനമായി ഖുർആൻ പ്രഖ്യാപിക്കുകയും (59:7) അന്ത്യപ്രവാചകൻ അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ഉദാഹരണമായി ഉഹുദ് യുദ്ധാനന്തരം ഹിജ്റ മൂന്നാം വർഷം കൊടിയ രാജ്യദ്രോഹകുറ്റത്തിന് ബനൂന്നളീർ എന്ന ജൂതഗോത്രത്തെ നാടുകടത്തിയതിനു ശേഷം ലഭ്യമായ സമ്പത്ത് അദ്ദേഹം വിതരണം ചെയ്തത് മക്കയിൽനിന്ന് അഭയാർഥികളായി എത്തിയ

മുജാഹിറുകൾക്കിടയിലാണ്. ചരിത്രത്തിൽതന്നെ അതുല്യമാംവിധം അവർക്ക് അഭയം നൽകിയിരുന്ന മദീനക്കാരായ അൻസ്വാരികളിൽ രണ്ട് ദരിദ്രന്മാർക്ക് മാത്രമേ അതിൽനിന്ന് വിഹിതം നൽകിയുള്ളൂ. അദ്ദേഹം അങ്ങനെ ചെയ്ത് 'ധനം നിങ്ങളിലെ ധനികർക്കിടയിൽ മാത്രം കറങ്ങുന്നതാകാതിരിക്കാൻ വേണ്ടി'യെന്ന് ഖുർആൻ തന്നെ ശരിവെച്ചു.

മദീനയിലെ 'അശ്അരീ' കുടുംബങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്യുന്നതിന് പ്രത്യേക രീതിയുണ്ടായിരുന്നു. അവർ തങ്ങളുടെ പക്കൽ ഉള്ളതെല്ലാം ഒരിടത്ത് ഒരുമിച്ചുകൂട്ടി എല്ലാവർക്കും തുല്യമായി വീതിച്ചുകൊടുക്കും. അവരെക്കുറിച്ച് പ്രവാചകൻ പറയുകയുണ്ടായി: "അവർ എന്നിൽ പെട്ടവരാണ്, ഞാൻ അവരിൽ പെട്ടവനും" (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അതിർത്തികൾ സുരക്ഷിതമാവുകയും ആഭ്യന്തരമായ സമാധാനാന്തരീക്ഷം പുലരുകയും ചെയ്ത സാഹചര്യത്തിൽ ആളുകൾ കച്ചവടത്തിലേക്കും മറ്റും തിരിയുക സ്വാഭാവികമായിരുന്നു. അന്നേരം അന്നത്തെ പ്രമുഖ വ്യാപാരി സമൂഹമായിരുന്ന ഖുറൈശികളോട് രണ്ടാം ഖലീഫ ഉമർ(റ) ഉദ്ഘോഷിച്ച കാര്യങ്ങളിവിടെ ചേർത്തു വായിക്കാവുന്നതാണ്. "അറിയുക, ഖുറൈശികൾ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ധനത്തെ തങ്ങൾക്കിടയിൽ മാത്രം കറങ്ങിക്കൊണ്ടിരിക്കുന്നതാക്കാമെന്നാണ്. എന്നാൽ ഖത്വാബിന്റെ മകൻ ഉമർ ജീവിച്ചിരിക്കെ അത് നടപ്പില്ല കെട്ടോ. ഞാനവരുടെ മടിക്കുത്തിന് പിടിക്കുകതന്നെ ചെയ്യും. അവർ നരകാഗ്നിയിലേക്ക് ചത്ത് വീഴരുതല്ലോ."

സമ്പത്ത് ഒരിടത്ത് കുമിഞ്ഞുകൂടുന്നതിനെ നിരോധിക്കുമ്പോഴും സമ്പന്നരും സ്വർഗത്തിൽ പോകണമെന്നാണ് ഇസ്‌ലാമിക മനസ്സ്. ഇസ്‌ലാമിക സാമ്പത്തികമൂല്യങ്ങളെ പരലോകത്തെ വിജയ പരാജയങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. സമ്പത്തിന്റെ സത്യസന്ധമായ സംഭരണവും നീതിപൂർവകമായ വിതരണവും ഉറപ്പുവരുത്തുന്ന ആജ്ഞാനിർദേശങ്ങളും നയനിലപാടുകളും നിയമനടപടികളും പ്രായോഗികരീതികളും ഖുർആനിലും സുന്നത്തിലും ഖലീഫമാരുടെ ഭരണചരിത്രത്തിലും പണ്ഡിതന്മാരുടെ രചനകളിലും നിറഞ്ഞുനിൽക്കുകയാണ്.

## ദാരിദ്ര്യവും സത്യനിഷേധവും

അന്ത്യപ്രവാചകൻ അല്ലാഹുവിനോട് അഭയം തേടിയിട്ടുള്ള ഒരു പൈശാചികതയാണ് ദാരിദ്ര്യം. സത്യനിഷേധ(കുഫ്റ്)ത്തോട് ചേർത്താണതിനെ (ഫഖ്റ്) പറഞ്ഞിട്ടുള്ളതുതന്നെ. ദാരിദ്ര്യം പൈശാചികത മാത്രമല്ല, പാപം കൂടിയാണ്. അതുണ്ടാവാനും തുടർന്നുകൊണ്ടിരിക്കാനും തുടച്ചുമാറ്റപ്പെടാതിരിക്കാനും കാരണക്കാരായിട്ടുള്ളവരുടെ കൂട്ടുപാപം. അഗതിക്കവകാശപ്പെട്ട ആഹാരം അവനു ലഭ്യമാക്കാൻ വേണ്ടി പ്രേരണ ചെലുത്താത്തതിനാൽ കൊളുത്തിട്ട് ചങ്ങലയിൽ പൂട്ടി നരകത്തിലേക്കെറിയപ്പെടുന്നവരെക്കുറിച്ച് മഹാ പാപികളെന്നാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത് (69:37). അതിനാൽ ദാരിദ്ര്യനിർമാർജനം നരകശിക്ഷ ഭയപ്പെടുന്നവരുടെ വൈയക്തികമായ ആവശ്യവും ചുമതലയുമായിത്തീരുന്നു.

"അല്ലാഹു നിങ്ങളെ പ്രാതിനിധ്യ ചുമതല ഏൽപിച്ചിട്ടുള്ള എന്തെല്ലാമുണ്ടോ അതിൽനിന്നെല്ലാം നിങ്ങൾ ചെലവഴിക്കുക" (57:7), "അല്ലാഹുവിന്റെ ധനത്തിൽനിന്ന് നിങ്ങളവർക്ക് കൊടുക്കുക, അവനാണല്ലോ നിങ്ങൾക്കത് നൽകിയത്" (24:33), "നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ" (2:254) തുടങ്ങിയ പൊതുവായ കൽപനകൾ സമൂഹത്തിനും നൽകിയിട്ടുണ്ട്.

അല്ലാഹു പാപമോചനാർഥികളെയും പശ്ചാത്തപിക്കുന്നവരെയും തേടി താഴെ ആകാശത്തേക്കിറങ്ങിവരുന്ന പുലർക്കാലയാമത്തിൽ, നിശാജോലി അവസാനിപ്പിച്ച് പോകുന്നവരും പകൽജോലി തുടങ്ങാൻ വന്നവരുമായ മലക്കുകൾ ചുമതലകൾ കൈമാറാൻ ഒരുമിച്ച നേരത്ത്, അവരെ സാക്ഷിയാക്കി (17:78) അല്ലാഹുവിന്റെ കാൽക്കൽ വീഴുന്ന, ആത്മീയതയുടെ പാരമ്യതയിൽ നിർവൃതികൊള്ളുന്ന വിശ്വാസികളെപ്പറ്റി ഖുർആൻ പരാമർശിച്ചിട്ടുള്ള മൂന്ന് സന്ദർഭങ്ങളിലും അതിനോട് ചേർത്തു പറഞ്ഞിരിക്കുന്ന ഗുണം എന്താണെന്ന് നോക്കൂ. "അവർ അടിയുറച്ച് നിൽക്കുന്നവരും സത്യസന്ധരും അനുസരണശീലരും ഉദാരമായി ചെലവഴിക്കുന്നവരും പുലർക്കാലങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു" (3:17).

"പുലർക്കാലങ്ങളിൽ അവർ പാപമോചനം തേടിക്കൊണ്ടിരിക്കുന്നു, അവരുടെ മുതലുകളിലാവട്ടെ ആവശ്യക്കാരനും ആശ്രയമറ്റവനും അവകാശമുണ്ടുതാനും" (51:18,19). "അവരുടെ വശങ്ങൾ നിദ്രാശയ്യകളിൽനിന്ന് വിട്ടകലുന്നു, അവർ തങ്ങളുടെ രക്ഷിതാവിനോട് ഭയപ്പാടോടെയും പ്രത്യാശയോടെയും പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. നാമവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് അവർ ഉദാരമായി ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു" (32:16).

ബന്ധുക്കളും അയൽവാസികളും നാട്ടുകാരുമായ അശരണരുടെയും ഇഹലോകരക്ഷയിലാണ് തങ്ങളുടെ പരമമായ പരലോകരക്ഷ എന്ന് തിരിച്ചറിഞ്ഞ് വിശ്വസിക്കുന്ന വ്യക്തികളുൾപ്പെട്ട ഒരു സമൂഹത്തിൽ എങ്ങനെ സാമൂഹികനീതി പുലരാതിരിക്കും.

## പ്രവാചകന്മാരുടെ ദൗത്യം

പരലോകബോധത്തോടൊപ്പം നന്മ കൽപിക്കലും തിന്മ തടയലും മൗലിക ബാധ്യതയായി ഏറ്റെടുത്തിട്ടുള്ള ഇസ്‌ലാമിക സമൂഹത്തിന്റെ പൊതുജനാഭിപ്രായം കൂടി ഇസ്‌ലാമിക സാമൂഹിക സുരക്ഷിയുടെ കാവൽക്കാരായി ഉണ്ടാവുമെങ്കിലും, ഇസ്‌ലാം അതുരണ്ടിനെയും മാത്രം അവലംബിക്കാതെ രാഷ്ട്രം അതിന്റെ അധികാരശക്തി ഉപയോഗിച്ച് നടപ്പാക്കേണ്ട നടപടികൾ കൂടി ആവിഷ്കരിക്കുകയും അലംഘനീയ നിയമമാക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിക മനസ്സാക്ഷിയും സാമൂഹിക സമ്മർദവും കൊണ്ട് ഹൃദയം തുറക്കാത്തവരുടെ പണപ്പെട്ടി തുറക്കാൻ കടുത്ത നടപടികൾ വേണ്ടിവരും. എന്തുനിലപാടെടുത്തും നടപടി സ്വീകരിച്ചും സമൂഹത്തിലെ ഇല്ലായ്മകളും വല്ലായ്മകളും പരിഹരിച്ചേ പറ്റൂ എന്ന് നിർബന്ധമുണ്ട് ഇസ്‌ലാമിന്. അത്തരം നിർബന്ധ നടപടികളിൽ പ്രഥമസ്ഥാനീയമാണ് സകാത്ത്.

മുൻ പ്രവാചകന്മാരായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവർക്കും (21:73), ഇസ്മാഈലിനും (19:55), മൂസക്കും (7:156) ഈസക്കും (19:31) ഇസ്രാഈൽ സന്തതികൾക്കും (2:83) വേദക്കാർക്കും (98:5) നിർബന്ധമാക്കപ്പെട്ടിരുന്ന സകാത്ത് ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തേതാണ്.

സകാത്തിന്റെ അവകാശികൾ ആരൊക്കെയെന്ന് ഖുർആൻ തന്നെ കണിശമായി നിർണയിച്ചിട്ടുണ്ട്: "നിർബന്ധ ദാനങ്ങൾ പാവങ്ങൾ, അഗതികൾ, അതിന്റെ ജോലിക്കാർ, മനസ്സുകൾ ഇണക്കപ്പെടേണ്ടവർ എന്നിവർക്കും അടിമ

**ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകൽച്ച അവസാനിപ്പിക്കുകയും മാന്യമായ ജീവിതനിലവാരം എല്ലാവർക്കും ഉറപ്പുവരുത്തുകയുമാണ് ഇസ്‌ലാമിക സാമൂഹിക സുരക്ഷിതത്വത്തിന്റെ അടിസ്ഥാന നയം. അത് സാക്ഷാത്കരിക്കപ്പെടുന്നതുവരെ ആരിലൊക്കെ ആവശ്യങ്ങൾ അവശേഷിക്കുന്നുവോ, ആരൊക്കെ അന്യരെ ആശ്രയിക്കേണ്ടിവരുന്നുവോ അവരൊക്കെ ഫുഖറാഇന്റെ വിവക്ഷയുടെ വിശാലതയിൽ വരുമെന്ന് ഇസ്‌ലാമിക കർമശാസ്ത്രം അനുശാസിക്കുക മാത്രമല്ല ചരിത്രം അതിന് അടിവരയിടുകയും ചെയ്തിട്ടുണ്ട്.**




കളെ മോചിപ്പിക്കുന്നതിനും കടക്കാരെ സഹായിക്കുന്നതിനും ദൈവമാർഗത്തിനും സഞ്ചാരികളെ സഹായിക്കുന്നതിനും മാത്രമുള്ളതാകുന്നു" (9:60).

ഈ എട്ടു കൂട്ടരിൽ മൂന്നാമതായി പറഞ്ഞ 'ജോലിക്കാർ' അതിന്റെ സംഭരണ-വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരാകുന്നു. സകാത്ത് സ്വയം തന്നെ സ്വന്തവും സ്വതന്ത്രവുമായ ഒരു വകുപ്പായിരിക്കുമെന്നും അതിന് അതിന്റേതായ ബജറ്റും ടാർജറ്റും ഉണ്ടായിരിക്കുമെന്നുമാണ് അതിന്റെ സൂചന. അതെ, സ്വയംഭരണാധികാരമുള്ള ഒരു സ്വതന്ത്ര സ്ഥാപനമായിരിക്കും സകാത്ത്. അതിന് ഭരണഘടനാപരമായ സംരക്ഷണവും ഉണ്ടായിരിക്കും. അതിന്റെ വരുമാനങ്ങൾ വകമാറി ചെലവഴിക്കുന്നത് കർശനമായി തടയപ്പെട്ടിരിക്കുന്നു. എട്ടിൽനിന്ന് ഒന്നും തന്നെ പുറത്തേക്ക് പോയിക്കൂടാ. അതേയവസരം സകാത്ത് വകുപ്പിന്റെ കമ്മി നികത്താൻ ഭരണകൂടം ബാധ്യസ്ഥമായിരിക്കുകയും ചെയ്യും. ആവശ്യമായ സംരക്ഷണവും ഇതര ഭരണവകുപ്പുകളുടെ സഹകരണവും അതിന് ലക്ഷ്യമാക്കാൻ ഭരണാധികാരി ബാധ്യസ്ഥനുമായിരിക്കും.

സകാത്ത് സ്വമേധയാ നൽകാൻ വിസമ്മതിക്കുന്നവർക്കെതിരെ നിയമനടപടികൾ മാത്രമല്ല, പോലീസിനെയും വേണ്ടിവന്നാൽ പട്ടാളത്തെയും ഉപയോഗിച്ച് സകാത്ത് സംഭരണ-വിതരണ സംവിധാനത്തെ സംരക്ഷിക്കേണ്ടിവരും. സകാത്ത് നിഷേധികളോട് ബലമായി പിടിച്ചുവാങ്ങുക മാത്രമല്ല, ശിക്ഷയെന്ന നിലയിൽ അവരുടെ സ്വത്തിന്റെ പകുതി കണ്ടുകെട്ടുക കൂടി വേണമെന്നാണ് ശരീഅത്ത് അനുശാസിക്കുന്നത്. ഒരു വിഭാഗം കൂട്ടായി നിഷേധിക്കുകയും അതൊരു ആഭ്യന്തരകലഹമായി വളരുകയും ചെയ്താൽ സൈന്യത്തെ വിന്യസിച്ച് അടിച്ചമർത്തുകതന്നെചെയ്യും; പ്രവാചക(സ)ന്റെ വിയോഗാനന്തരം അബൂബക്കർ സിദ്ദീഖിന് ചെയ്യേണ്ടിവന്നതുപോലെ. സകാത്ത് വകുപ്പിന് അവകാശപ്പെട്ടതാണെങ്കിൽ ഒട്ടകത്തെ കെട്ടുന്ന കയറിന്റെ കാര്യത്തിൽപോലും വിട്ടുവീഴ്ചയില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച നിലപാട്.

## ഫഖീറിന്റെ വിവക്ഷ

സകാത്തിന്റെ എട്ടവകാശികളിൽ ഒന്നാമത്തേതായ 'ഫുഖറാഅ്' ഫഖീർ എന്നതിന്റെ ബഹുവചനമാണ്. ആവശ്യങ്ങളുടെ അതിഭാരം കൊണ്ട് നട്ടെല്ല് തകർന്നവൻ എന്നാണതിന്റെ ഭാഷാർഥം; ദരിദ്രൻ എന്ന് സാധാരണ അർഥം പറയുമെങ്കിലും. അതിന്റെ വിപരീത ശബ്ദമായി ഖുർആനിൽ വന്നിട്ടുള്ള (4:135) ഗനിയ്യ് എന്ന വാക്കിന്റെ ഭാഷാർഥം ആവശ്യങ്ങൾ കുറഞ്ഞവൻ, അനാശ്രയൻ എന്നൊക്കെയാണ്; ധനികൻ, സമ്പന്നൻ എന്നൊക്കെ സാധാരണ പറയുമെങ്കിലും. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകൽച്ച അവസാനിപ്പിക്കുകയും മാന്യമായ ജീവിതനിലവാരം എല്ലാവർക്കും ഉറപ്പുവരുത്തുകയുമാണ് ഇസ്‌ലാമിക സാമൂഹിക സുരക്ഷിതത്വത്തിന്റെ അടിസ്ഥാന നയം. അത് സാക്ഷാത്കരിക്കപ്പെടുന്നതുവരെ ആരിലൊക്കെ ആവശ്യങ്ങൾ അവശേഷിക്കുന്നുവോ, ആരൊക്കെ അന്യരെ ആശ്രയിക്കേണ്ടിവരുന്നുവോ അവരൊക്കെ ഫുഖറാഇന്റെ വിവക്ഷയുടെ വിശാലതയിൽ വരുമെന്ന് ഇസ്‌ലാമിക കർമശാസ്ത്രം അനുശാസിക്കുക മാത്രമല്ല ചരിത്രം അതിന് അടിവരയിടുകയും ചെയ്തിട്ടുണ്ട്. അതിനാൽ ദരിദ്രർക്ക് വല്ലതും കൊടുത്താൽ മതിയാവില്ല. സാധ്യമാവുന്നേടത്തോളം സ്വയം പര്യാപ്തി കൈവരാനുതകുംവിധം കൊടുക്കേണ്ടതുണ്ട്. സ്വന്തമായി വീടും വീട്ടുപകരണങ്ങളും ഭൃത്യനും ചിലപ്പോൾ വാഹനം വരെയും ഉള്ളയാൾ ദരിദ്രനോ അഗതിയോ അല്ലാതാകുന്നില്ല. തന്റെയും കുടുംബത്തിന്റെയും ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം എന്നിവക്കായി അയാൾ ആവശ്യക്കാരനായിരിക്കുവോളം. ആയിരക്കണക്കിനു ദിർഹം വിലയുള്ള വീടും ഭൃത്യനും കുതിരയുമൊക്കെയുള്ള ആളുകൾക്ക് നബി(സ)യുടെ അനുചന്മാർ സകാത്ത് നൽകിയിരുന്നു. കൃഷിഭൂമിയും കൃഷിയും ഉള്ളയാളും കാർഷികവരുമാനം ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ തികയില്ലെങ്കിൽ സകാത്തിനർഹനായിരിക്കും; അയാളുടെ കാർഷികവരുമാനം നിസ്വാബ് എത്തിയിട്ടുണ്ടെങ്കിൽ സകാത്തിന് വിധേയമായിരിക്കുന്നതോടൊപ്പം തന്നെ. സകാത്ത് കൊടുക്കാൻ മാത്രം സ്വർണാഭരണങ്ങൾ ഉള്ള സ്ത്രീ അതല്ലാതെ മറ്റൊന്നുമില്ലെങ്കിൽ സകാത്തിനർഹയാണെന്നാണ് ശാഫിഈ-ഹമ്പലീ മദ്ഹബുകളിലെ പണ്ഡിത വിധി.

ചുരുക്കത്തിൽ, ഒരു വരുമാന മാർഗവും ഇല്ലാത്തവർക്ക് മാത്രമല്ല, ഉള്ള വരുമാനം സ്വന്തത്തിന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്ക് മതിയാകാത്തവർക്ക് കൂടി നൽകാനുള്ളതാണ് സകാത്ത്. എന്നാൽ ആരോഗ്യമുണ്ടായിട്ടും തൊഴിലെടുക്കാൻ പോകാതെ നമസ്കാരം, നോമ്പ്, ഖുർആൻ പാരായണം, ദിക്റ് എന്നിവയുമായി കഴിയുന്നവർക്ക് സകാത്ത് നൽകപ്പെടാവതല്ലെന്ന് കർമശാസ്ത്രകാരന്മാർ നിഷ്കർഷിക്കുന്നു. ദാരിദ്ര്യത്തിന്റെ കാരണങ്ങൾ ഇല്ലാതാക്കുകയും സ്ഥിരമായ സ്വയംപര്യാപ്തി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യാനാവശ്യമായത് കൊടുക്കുക എന്നനുശാസി

ക്കുന്നു ഇസ്‌ലാമിക ശരീഅത്ത്. ഉദാഹരണമായി ഏതെങ്കിലും ഒരു ട്രേഡിൽ പ്രഫഷനലായിട്ടുള്ള ഒരാൾക്ക് അതുമായി ജീവിതം മുന്നോട്ടുകൊണ്ടുപോകാനും അതിനെ മുന്നോട്ടുകൊണ്ടു പോയി വികസിപ്പിക്കാനും ആവശ്യമായ ഉപകരണങ്ങളും സംവിധാനങ്ങളും ഒരുക്കിക്കൊടുക്കണം. "നിങ്ങൾ നൽകിയാൽ അവരെ സ്വാശ്രയരാക്കുക" എന്നു പറയുകയുണ്ടായി ഉമർ(റ). "ഞാൻ സ്വദഖ കൊടുത്തുകൊണ്ടേയിരിക്കും, ഒരാൾക്ക് നൂറൊട്ടകം തന്നെ കിട്ടിയാലും" എന്നു കൂടി പറയുകയുണ്ടായി അദ്ദേഹം.

സ്വയം പര്യാപ്തത തന്നെ എത്ര കാലത്തേക്കുള്ളത് എന്ന കാര്യത്തിൽ കർമശാസ്ത്രകാരന്മാർക്ക് ഭിന്നാഭിപ്രായമുണ്ട്. ഒരു വർഷത്തെ സ്വയം പര്യാപ്തതക്കുള്ള വക കൊടുത്താൽ മതി, അടുത്ത വർഷം വീണ്ടും കൊടുക്കാമല്ലോ എന്ന് ഒരു വിഭാഗം പറയുമ്പോൾ, മറുവിഭാഗം പറയുന്നത് ഒരായുഷ്കാല സ്വയംപര്യാപ്തതക്കുള്ളതാണ് നൽകേണ്ടത് എന്നാണ്. സമൂഹത്തിന്റെ നിറവേറ്റപ്പെടേണ്ട അടിസ്ഥാനാവശ്യങ്ങളിൽ വിവാഹം പോലും ഉൾപ്പെടും. ഖലീഫ ഉമറുബ്നു അബ്ദിൽ അസീസ് സകാത്തിനർഹരായവർ അവശേഷിക്കുന്നുണ്ടോ എന്നന്വേഷിക്കുമ്പോൾ അഗതികൾ എവിടെ, കടക്കാർ എവിടെ, വിവാഹം കഴിക്കേണ്ടവർ എവിടെ, അനാഥകൾ എവിടെ എല്ലാവരെയും ഞാൻ സമ്പന്നരാക്കാം എന്നു പറഞ്ഞ് വിളംബരം ചെയ്യുമായിരുന്നുവത്രെ!

ചുരുക്കത്തിൽ, സകാത്തിന്റെ ലക്ഷ്യം ദരിദ്ര്യർക്കും അഗതികൾക്കും ഏതാനും നാണയത്തുട്ടുകൾ എറിഞ്ഞു കൊടുക്കുകയല്ല; ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധികളും അവൻ പ്രത്യേകം ആദരിച്ചവരുമായ മനുഷ്യമക്കൾക്ക് പിശുക്കിനും ആഡംബരത്തിനുമിടയിലുള്ള ന്യായവും മാന്യവുമായ ഒരു ജീവിതനിലവാരം ഒരുക്കിക്കൊടുക്കുകയെന്നതത്രെ. അങ്ങനെ ഒരു മിനിമം സ്വാശ്രയത്വവും സ്വയംപര്യാപ്തിയും കൈവരിച്ച് സാമൂഹികസുരക്ഷിതത്വവും സാമൂഹികനീതിയും സാക്ഷാത്കരിക്കുക. പ്രസ്തുത ജീവിതനിലവാരം ആർജിക്കുന്നതിനുള്ള അടിസ്ഥാന വരുമാന മാർഗമാണ് സകാത്ത്. വ്യക്തികളുടെ ദൈവഭയവും പരലോകബോധവും സമൂഹത്തിന്റെ ധാർമികമനസ്സാക്ഷിയും അവകാശബോധവും ഭരണകൂടത്തിന്റെ ശിക്ഷാനടപടികളും ഒന്നായിചേർന്ന് എക്കാലത്തേക്കും ലഭ്യത ഉറപ്പുവരുത്തപ്പെട്ടിട്ടുള്ള ഒരു സുസ്ഥിര സാമ്പത്തിക സ്രോതസ്സ്! അതെ, സാമൂഹിക സുരക്ഷിതത്വത്തിന്റെ നെടുംതൂൺ. അതാണ് സകാത്ത്.

## സകാത്തും സംസ്കരണവും

മറ്റൊരു ഭാഷയിൽ, ധനത്തിന്റെ ബാധ്യതയാണ് സകാത്ത്; ഒരു നിലയിൽ ആരാധനയും വേറൊരു നിലയിൽ സാമൂഹികബാധ്യതയും. ഈ പ്രത്യേകത കൊണ്ടാണ് അതിന് സകാത്ത് എന്ന പേരുതന്നെ വന്നത്. സംസ്കരണം, വർധനവ്, വളർച്ച എന്നൊക്കെയാണതിന്റെ ഭാഷാർഥം. ധനസംബന്ധമായ ആ ബാധ്യത നിറവേറ്റുകവഴി മനസ്സിനു ലഭിക്കുന്ന സംസ്കരണമാണ് അതിലൂടെ സൂചിപ്പിക്കപ്പെടുന്നത്. സ്വാർഥത്തിൽനിന്നും അത് മനസ്സിനെ ശുദ്ധീകരിക്കുന്നു. മനുഷ്യന് വളരെ പ്രിയപ്പെട്ട ഒന്നാണ് ധനം. അത് ചെലവഴിക്കുമ്പോൾ ആത്മോൽക്കർഷവും കൈവരും. ധനത്തിന്റെ ബാധ്യതയായ സകാത്ത് കൊടുക്കുന്നതുകൊണ്ട് ധനത്തെ ശുദ്ധീകരിക്കുകയും അതിനെ ഹലാലാക്കുകയുമാണ് ചെയ്യുന്നത്. സമൂഹത്തിലെ അവശവിഭാഗങ്ങൾക്ക് അവരുടെ ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായതും അതിൽ കൂടുതലും ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തുന്ന, വ്യക്തിയുടെ മേലിൽ ചുമത്തിയ സാമൂഹികബാധ്യതയാണ് സകാത്ത്. സമ്പത്ത് ധനികരിൽ കുന്നുകൂടാതിരിക്കുക എന്ന ഇസ്‌ലാമിന്റെ അടിസ്ഥാന വീക്ഷണം സകാത്തിലൂടെതന്നെ ഏറക്കുറെ സാക്ഷാത്കരിക്കപ്പെടും. സാധ്യമായേടത്തോളം സ്വന്തം പരിശ്രമത്തിലൂടെയും ബാക്കി സഹായത്തിലൂടെയുമായിട്ട് എല്ലാവരുടെയും ആവശ്യങ്ങൾ നിർവഹിക്കപ്പെടണമെന്ന് ഇസ്‌ലാമിന് നിർബന്ധമുണ്ട്.

ധനികൻ സദയം നീട്ടിക്കൊടുക്കുന്ന ഔദാര്യമല്ല അത്. നിർബന്ധ സാമ്പത്തികബാധ്യതയും ദരിദ്രരുടെ നിയമപരമായ അവകാശവുമാണ് സകാത്ത്. ധനമുള്ളവർക്കെല്ലാം പങ്കുകൊള്ളാവുന്ന തരത്തിലാണ് നിസ്വാബ് (സകാത്ത് നിർബന്ധമാകുന്ന തോത്) നിർണയിച്ചിരിക്കുന്നത്.

സ്വന്തം പ്രയത്നം കൊണ്ടും മതിയാകാതെ വരുന്നത് നികത്താനുള്ളതാണ് സകാത്ത്. സമ്പത്ത് ധനികരിൽ കുന്നുകൂടാതിരിക്കാനും അത് ഉതകുന്നു. ഇസ്‌ലാമിൽ വ്യക്തികളുടെ അധ്വാനശീലവും സമൂഹത്തിന്റെ സംരക്ഷണ മനഃസ്ഥിതിയും ഒരുപോലെ സംരക്ഷിക്കപ്പെടുകയാണ്. പലിശയെ അനിവാര്യമാക്കിത്തീർക്കാത്ത, സംരക്ഷണത്തിലും സഹകരണത്തിലും നിലകൊള്ളുന്ന സമൂഹത്തിന്റെ സാമ്പത്തികാടിത്തറയാണ് സകാത്ത്.

''ലാഭമുൾപ്പെടെ മൂലധനത്തിൽനിന്ന് 2.5 ശതമാനം എന്ന തോതിൽ ഈടാക്കുന്ന സകാത്തിന്റെ സംഖ്യ എത്ര ഭീമമായിരിക്കും! അത് നൽകുന്നതാകട്ടെ വാർത്തെടുത്ത സ്വഭാവവിശേഷം കൊണ്ടും ശിക്ഷണം കൊണ്ടും നിയമത്തിന്റെ ബലം കൊണ്ടുമെല്ലാമാണ്. അത് വ്യക്തിയുടെ ഔദാര്യമല്ല, നിർബന്ധ ബാധ്യതയാണ്. ഇസ്‌ലാമിക ഭരണകൂടം അത് നിർബന്ധമായി വസൂൽ ചെയ്യും. സമൂഹത്തിൽ കഷ്ടപ്പെടുന്ന ഓരോ വ്യക്തിയുടെയും സംരക്ഷണത്തിനത് വിനിയോഗിക്കപ്പെടും. ഏതവസ്ഥയിലും താനും കുടുംബവും സംരക്ഷിക്കപ്പെടുമെന്ന രക്ഷാബോധമാണവിടെ ഓരോരുത്തർക്കുമുണ്ടാവുക. കടക്കാരന്റെ കടം പോലും സകാത്ത് കൊണ്ട് വീട്ടപ്പെടുമല്ലോ!'' (*ഇസ്‌ലാമിലെ സാമൂഹിക നീതി*, സയ്യിദ് ഖുത്വ്ബ്, പേജ് 204-211). ■